സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

DESPATCHED 12/2/2020
31/01/2020

**ഹർജി നമ്പർ AP.No.440(5)/19/SIC**

തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

**File No.2073/SIC-G7/2019**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

Shri. Haridasan Mathilakath,
A-6 Sree Parvathy Apts,
Elamakkara, Kochi- 682 026. } Appellant

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ഹെൽത്ത് വിഭാഗം,**
**കൊച്ചി കോർപ്പറേഷൻ, എറണാകുളം.**

**അപ്പീൽ അധികാരി,**
**കൊച്ചി കോർപ്പറേഷൻ, എറണാകുളം.**
**ഹെൽത്ത് വിഭാഗം,**
**കൊച്ചി കോർപ്പറേഷൻ, എറണാകുളം.** } **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 14.05.2018 |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | 13.06.2018 |
| ഒന്നാം അപ്പീൽ | 22.06.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | --- |
| രണ്ടാം അപ്പീൽ | 05.02.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 18.11.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, എറണാകുളം |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ദേശാഭിമാനി റോഡിലെ 33/773 & 33/774 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കണ്ടം കുളത്തി ആയുർവേദ ആശുപത്രി എന്ന പേരിലുള്ള സ്ഥാപനത്തിന്റെ നടത്തിപ്പിന് കൊച്ചി കോർപ്പറേഷന്റെ അംഗീകാരം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്നും അവ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ, ഒരു ആരോഗ്യ സ്ഥാപനം നടത്തുമ്പോൾ പാലിക്കേണ്ട നിലവിലുള്ള കോർപ്പറേഷൻ ചട്ടങ്ങൾ ആനുസരിച്ച് സമർപ്പിക്കേണ്ടതായ രേഖകൾ എന്തെല്ലാമാണെന്നും അവ നിയമാനുസൃതമായി 2017–18,2018–19 വർഷങ്ങളിൽ സമർപ്പിച്ചിട്ടുണ്ടോ എന്നും അവ നിയമാനുസൃതമാണെന്ന് എന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ എന്നിങ്ങനെയുള്ള വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. ടിയാന്റെ അപേക്ഷയുമായി ബന്ധപ്പെട്ട MOH16/17198/15 നമ്പർ ഫയൽ ബഹു. ട്രൈബ്യൂണൽ മുമ്പാകെയുള്ള ആർ.പി/4/18 നമ്പർ കേസിന്റെ നടത്തിപ്പിനായി സ്റ്റാൻഡിംഗ് കൗൺസിലിന് കൈമാറിയിട്ടുള്ളതാണ് എന്ന് ലീഗൽ സെക്ഷനിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സ്റ്റാൻഡിംഗ് കൗൺസിലുമായി ബന്ധപ്പെട്ട് പ്രസ്തുത ഫയൽ തിരികെ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിനും ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യപ്പെട്ട വിവരങ്ങൾ അപ്പീൽഹർജിക്കാരന് നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകിയും സമയബന്ധിതമായി മറുപടി നൽകുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന് മെമ്മോ നൽകുന്നതിനും ഉത്തരവായി ഒന്നാം അപ്പീൽ തീർപ്പാക്കി.

3. ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് ഉണ്ടായിട്ടും അപ്പീൽഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

4. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, വിവരാവകാശ രേഖയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ മറുപടി ലഭിക്കാത്തത് കാരണം കോടതിയിൽ വിശ്വാസ യോഗ്യമായ വിവരങ്ങൾ നൽകാൻ കഴിഞ്ഞില്ല എന്നും മേപ്പടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ കോടതി നടപടികൾക്ക് ആവശ്യമായതിനാൽ എത്രയും എളുപ്പത്തിൽ രേഖകൾ സാക്ഷ്യപ്പെടുത്തി നൽകണമെന്നുമാണ്.

5. അപ്പീൽഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ഓഫീസിയിൽ ലഭ്യമായിട്ടുള്ള വിവരം ടിയാന് നൽകിയതായും പ്രസ്തുത വിഷയം കൊച്ചി നഗരസഭയുടെ ആരോഗ്യവിഭാഗവുമായി ബന്ധമുള്ളതാണെങ്കിലും ടി ഫയൽ നിലവിൽ ബഹു. കോടതിയിലാണ് എന്നുമാണ് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്.

6. പരാമർശ വിഷയവുമായി ബന്ധപ്പെട്ട് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ, കൊച്ചി നഗരസഭയിൽ ദേശാഭിമാനി റോഡിൽ 33/773, 33/774 നമ്പർ കെട്ടിടങ്ങളിൽ ശ്രീ. ഫ്രാൻസിസ് പോൾ നടത്തി വരുന്ന കണ്ടംകുളത്തി ആര്യവൈദ്യശാല & ഫ്രാൻസിസ് ആയുർവേദ ഹോസ്പിറ്റൽ എന്ന സ്ഥാപനത്തെ സംബന്ധിച്ച് അപ്പീൽഹർജിക്കാരൻ സമർപ്പിച്ച പരാതിയിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതും കൊച്ചി നഗരസഭ കൗൺസിലിന്റെ 19.12.2017 ലെ 45-ാം നമ്പർ

തീരുമാന പ്രകാരം ടി സ്ഥാപനം അടച്ച് പൂട്ടി സീൽ ചെയ്യുന്നതിന് തീരുമാനം ആയിരുന്നു എന്നും ആയത് ശ്രീ. ഫ്രാൻസിസ് പോളിനെ അറിയിച്ചിരുന്നതായും തുടർന്ന് ടിയാൻ ബഹു. എൽ.എസ്.ജി. ട്രൈബ്യൂണൽ മുമ്പാകെ നഗരസഭയെ കക്ഷി ചേർത്ത് കേസ് ഫയൽ ചെയ്യുകയും ഇതു പ്രകാരമുള്ള എല്ലാ നടപടികളും നിർത്തി വച്ചു കൊണ്ട് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട് എന്നും ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ ബഹു. എൽ.എസ്.ജി.ഐ ട്രൈബ്യൂണൽ മുമ്പാകെയുള്ള ആർ.പി 4/18 നമ്പർ കേസിന്റെ നടത്തിപ്പിനായി സ്റ്റാൻഡിംഗ് കൗൺസിലിന് 14.03.2018 ന് കൈമാറിയിട്ടുള ളതും ടി ഫയൽ 01.012.2018 ന് ബഹു. എൽ.എസ്.ജി.ഐ ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണെന്നും നഗരസഭ സ്റ്റാൻഡിംഗ് കൗൺസിലുമായി ബന്ധപ്പെട്ട് ടി ഫയൽ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ ടി കേസ് ഫൈനൽ ഹിയറിംഗിനായി പോസ്റ്റ് ചെയ്തിട്ടുള്ളതൊണന്നും കേസ് തീർപ്പാക്കുന്ന തിന് മുൻപ് ഒറിജിനൽ ഫയൽ തിരികെ ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ടാണെന്ന് നഗരസഭ കൗൺസിൽ അഡ്വക്കേറ്റ് അറിയിച്ചിരുന്നു എന്നുമാണ്. തുടർന്ന് വിവരാവകാശ അപേ ക്ഷയിലെ 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളെ സംബന്ധിച്ച രേഖകളും വിവരങ്ങളും ബന്ധപ്പെട്ട ഫയൽ എൽ.എസ്.ജി.ഐ ട്രൈബ്യൂണലിൽ നിന്നും തിരികെ ലഭിച്ചാൽ മാത്രമേ പ്രസ്തുത വിവരങ്ങൾ നൽകാൻ കഴിയുകയുള്ളു എന്നും അറിയിക്കുന്നുണ്ട്.

7. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, ടിയാന്റെ വിവരാ വകാശ അപേക്ഷയുമായി ബന്ധപ്പെട്ട് വിവരം ലഭ്യമാക്കാവുന്നതാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഫയൽ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ടതാണെങ്കിലും പ്രസ്തുത ഫയൽ നഗരസഭ സ്റ്റാൻഡിംഗ് കൗൺസിലുമായി ബന്ധപ്പെട്ട് അടിയന്തിരമായി ലഭ്യമാക്കി വിവരം നൽകേണ്ടതാണെന്ന് അപ്പീൽ അധി കാരിയുടെ ഉത്തരവ് കമ്മീഷൻ മുഖവിലക്കെടുത്ത് കൊണ്ട് ഈ ഉത്തരവ് കിട്ടി 15 ദിവ സത്തിനുള്ളിൽ അപ്പീൽഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നഗരസഭ സ്റ്റാൻഡിംഗ് കൗൺസിലുമായി ബന്ധപ്പെട്ട് ഫയൽ ലഭ്യമാക്കി വിവരം സൗജന്യമായി ലഭ്യമാക്കേണ്ട താണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. ഇപ്രകാരം പ്രവർത്തിച്ച് വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

8. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2020 ജനുവരി 31–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM